കരിക്കോട് പോലീസ് സ്റ്റേഷൻ	15	19	13

(ബി)&(സി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.+

കണ്ണൂരിലെ പിൻവലിച്ച കേസ്സുകൾ

33 (39)ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സ്ദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം കണ്ണൂർ ജില്ലയിൽ പോലീസ് ചാർജ്ജ്ചെയ്തിരുന്ന ഏതെല്ലാം കേസ്സുകൾ പിൻവലിച്ചു;

(ബി) പിൻവലിച്ച കേസ്സുകളുടെ ക്രൈം നമ്പരും ചാർജ്ജ് ചെയ്ത പോലീസ് സ്റ്റേഷനുകളുടേയും പ്രതികളുടേയും പേരുവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ

34 (46) പ്രൊഫസർ സാവിത്രി ലക്ഷ്മണൻ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരായ അക്രമങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ തടയുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്?

ഉത്തരം

(എ) ചില ജില്ലകളിൽ സ്ത്രീകൾക്കെതിരായ അക്രമം സംബന്ധിച്ച പരാതികളിൽ നേരിയ വർദ്ധനവ് കാണുന്നുണ്ട്.

(ബി) പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ ഡി.ജി.പി.യുടെ കീഴിൽ ഒരു എസ്.പി.യുടെ ചുമതലയിലും, ജില്ലകളിൽ പോലീസ് സൂപ്രണ്ടിന്റെ കീഴിൽ ഡി.വൈ.എസ്.പി.യുടെ ചുമതലയിലും വനിതാ സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. വനിതാ സെല്ലുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി പ്രവർത്തനം വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നൽകുകയും ചെയ്തുവരുന്നു.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly